രാജീവ് ഗാന്ധി പാഡി പ്രൊക്യൂറിംഗ്, പ്രോസസ്സിംഗ് ആൻറ് മാർക്കറിംഗ് കോ-ഓപ്പറേറീവ് സൊസൈറ്റി

134 [2271] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി പാഡി പ്രൊക്യൂറിംഗ്, പ്രോസസ്സിംഗ് ആൻറ് മാർക്കറിംഗ് കോ-ഓപ്പറേറീവ് സൊസൈറ്റിയെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മോഡേൺ റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി അനുവദിക്കുന്നതിലെ കാലതാമസത്തിൻെറ കാരണം വ്യക്തമാക്കുമോ;

(സി) ഈ സൊസൈറ്റിയിൽ എന്നത്തേക്ക് മോഡേൺ റൈസ് മില്ലും ഗോഡൗണും അനുവദിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര രൂപയുടെ പ്രൊപ്പോസലാണ് ഈ പദ്ധതിക്ക് നീക്കി വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജീവ് ഗാന്ധി പാഡി പ്രൊക്യൂറിംഗ്, പ്രോസസിംഗ് ആൻറ് മാർക്കറിംഗ് കോ-ഓപ്പറേറീവ് സൊസൈറ്റി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മോഡേൺ റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള ധനസഹായത്തിന് നാളിതുവരെ അപേക്ഷയൊന്നും സമർപ്പിച്ചിട്ടില്ല.

(ബി, സി ആൻറ് ഡി) ചോദ്യം ഉദിക്കുന്നില്ല.

എൻ. സി. ഡി. സി. ഫാർമേഴ്സ് സെൻറുകൾക്ക് ഗ്രാൻറ്

135 [2272] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിന്നും എൻ. സി. ഡി. സി. ഫാർമേഴ്സ് സെൻറുകൾക്ക് ഗ്രാൻറ് ലഭിക്കുന്നതിനായി എത്തെല്ലാം പ്രാഥമിക സഹകരണ സംഘങ്ങളുടെ അപേക്ഷയിൻമേലാണ് ഇനി തീർപ്പുകൽപ്പിക്കാനുള്ളത്;

(ബി) ഓരോ സംഘത്തിനും എത്ര തുക വീതമാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ സാമ്പത്തികവർഷം പ്രസ്തുത ഗ്രാൻറ് അനുവദിച്ചു നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത തുക എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് എൻ. സി. ഡി. സി. ഗ്രാൻറ് നൽകുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly